# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4212** **24.06.2019 ലെ മറുപടി**

## പെരിഞ്ചീരിക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല :** | | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ പെരിഞ്ചീരിക്കടവ് റഗുലേറ്റർ-കം- ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) | പ്രസ്തുത പ്രവൃത്തിക്കായി 57 കോടി രൂപയുടെ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ജലസേചനവകുപ്പ് KIIDC -ന് സമർപ്പിച്ചിരുന്നു. ഇതിന്റെ സർവ്വേ നടപടികൾ, Traffic Study മുതലായവ പൂർത്തിയാക്കി KIIDC എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ; | (ബി) | കിഫ്ബിയുടെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ നടത്തി, പണി പൂർത്തിയാക്കാൻ ഉദ്ദേശം 2 വർഷം വേണ്ടി വരും. |
| (സി) | പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടെ ടി മണ്ഡലത്തിലെ കുടിവെള്ള ജലസേചന അനുബന്ധ മേഖലകളിൽ എന്തൊക്കെ സൗകര്യങ്ങൾ വന്നുചേരുമെന്ന് വ്യക്തമാക്കുമോ? | (സി) | ഉപ്പുവെള്ളം കയറുന്നത് തടഞ്ഞ് സമീപത്തുള്ള കൃഷി ഭൂമിയും വയലുകളും സംരക്ഷിക്കുക എന്നതാണ് പെരിഞ്ചേരിക്കടവ് ആർ.സി.ബിയുടെ മുഖ്യ ലക്ഷ്യം. പെരിഞ്ചേരിക്കടവ് ആർ.സി.ബി നിർമ്മിക്കുകയാണെങ്കിൽ ഈ സ്ഥലത്തിന്റെ മുകൾ ഭാഗത്തായുള്ള കേരള വാട്ടർ അതോറിറ്റിയുടെ മൂന്ന് പമ്പിംഗ് സ്റ്റേഷനിൽ ഉപ്പുവെള്ളം കലരാത്ത കുടിവെള്ളം ലഭ്യമാക്കി, വടകര മുനിസിപ്പാലിറ്റിയിലും സമീപ പഞ്ചായത്തുകളിലേയും കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയും. ഈ പദ്ധതി യാഥാർത്ഥ്യമായാൽ അനുബന്ധമേഖലയിൽ ജലസേചന സൗകര്യം നൽകുവാൻ സാധിക്കുന്നതാണ്. 1721 ഹെക്ടർ കൃഷി സ്ഥലത്തിന് ജലസേചനത്തിനുള്ള ജലം സംഭരിക്കാൻ ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**